**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.444**
**29.01.2019 ൽ മറുപടി നൽകേണ്ടത്**

**<u>കേരള ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ</u>**

**<u>ചോദ്യം</u>**
ശ്രീ. കെ ദാസൻ

**<u>മറുപടി</u>**
ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഒരു ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന വ്യക്തിക്ക് ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടോ; | ക്ഷേമനിധി ബോർഡ് പെൻഷൻ ബാധ്യത സർക്കാർ വഹിക്കുന്ന ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. എന്നാൽ 06/02/2017 ന് മുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചു കൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ ഉയർന്ന നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ ലഭിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ നൽകുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. |

| | | |
|---|---|---|
| (ബി) | മറ്റ് ക്ഷേമനിധി പെൻഷനുകളുടെ കൂടെ ക്ഷീര ക്ഷേമനിധിയിലേക്ക് അംശാദായം ഒടുക്കിയവർക്ക് ക്ഷീര ക്ഷേമനിധിയിൽ നിന്നും പെൻഷൻ നൽകി വരുന്നുണ്ടോ ; | ഇല്ല. |
| ( സി) | ഇല്ലെങ്കിൽ ക്ഷീര ക്ഷേമനിധിയിലേക്ക് ഒടുക്കിയ പണം തിരികെ നൽകുമോ; ആയത് ലഭിക്കാൻ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | ക്ഷീര കർഷകരിൽ നിന്നും അംശാദായ ഇനത്തിലാണ് പണം ലഭിക്കുന്നത്. ക്ഷീര കർഷക ക്ഷേമനിധി നിയമ പ്രകാരം അംശാദായ തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ